Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release 17.7..2017
*Ref: 587/KCBC/K-6/KPR/DS*

# നേഴ്സുമാരുടെ ശമ്പളവർധന ഓഗസ്റ്റിൽ നടപ്പാക്കണം: കെസിബിസി

കൊച്ചി:കത്തോലിക്കാസഭയുടെ ആശുപത്രികളിൽ ആഗസ്റ്റുമാസം മുതൽ ഐആർസി നിർദേശിച്ചിട്ടുള്ള ശമ്പളവർധനവ് നടപ്പിൽ വരുത്തും. ഇതു സംബന്ധിച്ച് എല്ലാ കത്തോലിക്കാ രൂപതകൾക്കും കെസിബിസി നിർദേശം നല്കിയിട്ടുണ്ട്. 1-20 ബഡുകളുള്ള ആശുപത്രികളിൽ 18,232 രൂപയും 21-100ൽ 19,810 രൂപയും 101-300 ൽ 20,014 രൂപയും 301-500 ൽ 20,980 രൂപയും 501-800 ൽ 22,040 രൂപയും 800-നു മുകളിൽ ബഡുകളുള്ള ആശുപത്രികളിൽ 23,760 രൂപയുമാണ് നല്കേണ്ടത്.

2013-ൽ നിശ്ചയിച്ച മിനിമം വേതനം അനുസരിച്ചുള്ള ശമ്പളസ്കെയിലിലാണ് നിലവിൽ സഭയുടെ എല്ലാ സ്ഥാപനങ്ങളും വേതനം നല്കുന്നത്. പരിഷ്കരിച്ച മിനിമം വേതനം സംബന്ധിച്ച സർക്കാർ വിജ്ഞാപനം ഇറങ്ങുന്നതിനുള്ള കാലതാമസം പരിഗണിച്ചാണ് ഐആർസി (ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിറ്റി) നിർദേശിച്ചിട്ടുള്ള പുതുക്കിയ വേതന നിരക്ക് സഭയുടെ എല്ലാ ആശുപത്രികളിലും ആഗസ്റ്റുമാസം മുതൽ നടപ്പാക്കാൻ നിർദേശം നല്കിയിട്ടുള്ളത്. ആശുപത്രി ജീവനക്കാരുടെ ശമ്പള വർധനവിനുള്ള ആവശ്യത്തെ കത്തോലിക്കാസഭ അനുഭാവപൂർവമാണ് കാണുന്നത്. ആശുപത്രി ജീവനക്കാരുടെ പുതുക്കിയ മിനിമം വേതനം സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കുന്ന നടപടി സർക്കാർ ത്വരിതപ്പെടുത്തണം. ചെറുകിട ആശുപത്രികളുടെയും നേഴ്സിങ്ങ്ഹോമുകളുടെയും പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ആരോഗ്യകേന്ദ്രങ്ങളുടെയും നിലനില്പ് പ്രതിസന്ധിയിലാകാതിരിക്കാൻ സർക്കാർ നടപടി സ്വീകരിക്കണം. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ചെറുകിട സ്ഥാപനങ്ങളുടെ തകർച്ച കേരളത്തിന്റെ പൊതുജന ആരോഗ്യരംഗത്ത് വൻ പ്രതിസന്ധി സൃഷ്ടിക്കും. സാധാരണക്കാർക്ക് താങ്ങാൻ കഴിയാത്ത ചികിത്സാ ചെലവിലേക്ക് ഇത് കേരളത്തെ തള്ളിവിടാതിരിക്കാൻ സർക്കാർ മുൻകരുതൽ സ്വീകരിക്കണമെന്നും കെസിബിസി സർക്കാരിനോട് അഭ്യർത്ഥിച്ചു.

**റവ. ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.

PRESIDENT
MOST REV. DR. SOOSA PAKIAM
Archbishop of Trivandrum,
Archbishop's House,
Vellayambalam, Kawdiar P.O,
Trivandrum 695 003.
Ph: 0471 2724001, 2724002, Fax: 0471 2725001
E-mail: archbishop@archtvm.in

VICE-PRESIDENT
DR. YOOHANON MAR CHRYSOSTOM
Bishop of pathanamthitta
Santhome Catholic Bishop's House
St. Peter's Junction
Pathanamthitta – 689 645
Ph: 0468-2223100, Fax: 0468-2223100
Email: bpdiopta@gmail.com

SECRETARY GENERAL
MAR MATHEW MOOLAKKATT
Archbishop of Kottayam
Catholic Archbishop's House,
P.B. No. 71, Kottayam 686 001.
Ph: 0481 2563527, 2563812, Fax: 0481 2563327
E-mail: marmosb@yahoo.com

DEPUTY SECRETARY GENERAL
FR. VARGHESE VALLIKKATT
Pastoral Orientation Centre
P.B. No. 2251, Kochi-682 025
Tel: +91-484-2805722, 2805815,
Fax: 2806214
E-mail: vallikkatt@gmail.com